# ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ & ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) നടപടിക്രമം

---

വിഷയം:- ആവഡ-ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I – 2026 പൊതു സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട കോടതി നടപടികൾ – തിരുവനന്തപുരം ജില്ലയിൽ നിയമനത്തിനായി ഒഴിവ് ലഭ്യമാക്കുന്നതിനുള്ള ഭരണപരമായ നടപടി- ശ്രീമതി ദീപ ടി.എസ്.-നെ കോഴിക്കോട് ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. 2026-ലെ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I പൊതുസ്ഥലംമാറ്റത്തിന്റെ കരട് പട്ടിക
2. 23.06.2026-ന് ചേർന്ന ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I സ്ഥലംമാറ്റ അപ്പീൽ കമ്മിറ്റി തീരുമാനം.
3. 2026-ലെ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I പൊതുസ്ഥലംമാറ്റിന്റെ അന്തിമ പട്ടിക, തീയതി 25/06/2026
4. ശ്രീ. രഞ്ജിത് കുമാർ ആർ.ജെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂബൽ മുമ്പാകെ ഫയൽ ചെയ്ത OA No.1173/2026.
5. OA No.1173/2026-ലെ അനുപാലന ഉത്തരവ്.
6. ശ്രീ. രഞ്ജിത് കുമാർ ആർ.ജെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂബൽ മുമ്പാകെ ഫയൽ ചെയ്ത OA No.1362/2026-ലെ ഇടക്കാല ഉത്തരവ്.
7. 31.08.2026-ലെ OA No.1362/2026-ലെ ഇടക്കാല ഉത്തരവ് ദീർഘിപ്പിച്ചുകൊണ്ടുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂബൽ ഉത്തരവ്.
8. ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം സമർപ്പിച്ച കത്ത് No.DMOH-TVM/3118/2026-A8 തീയതി 22/09/2026.

## ഉത്തരവ് നം: DHS/10310/2026-EF4 തീയതി: 30-09-2026

---

പരാമർശം (1) പ്രകാരം 2026-ലെ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I പൊതുസ്ഥലംമാറ്റത്തിന്റെ കരട് പട്ടികയിൽ ശ്രീമതി ദീപ ടി.എസ്.-നെ തിരുവനന്തപുരം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിലേക്ക് സ്ഥലംമാറ്റത്തിന് ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ശ്രീമതി ദീപ ടി.എസ്. സമർപ്പിച്ച അപ്പീൽ 23.06.2026-ന് ചേർന്ന അപ്പീൽ കമ്മിറ്റി പരിശോധിച്ചു. അപ്പീൽ കമ്മിറ്റി ബന്ധപ്പെട്ട കേഡർ വിവരങ്ങളും സീനിയോറിറ്റി ലിസ്റ്റും പരിശോധിച്ചപ്പോൾ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ. സീനിയർ ആണെന്ന് കണ്ടെത്തി. ആയതിനാൽ ശ്രീമതി ദീപ ടി.എസ്.-ന്റെ അപ്പീൽ പരിഗണിച്ച് ശ്രീ. രഞ്ജിത് കുമാർ ആർ.ജെ.-യെ തിരുവനന്തപുരം ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലേക്ക് സ്ഥലംമാറ്റുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും, തുടർന്ന് പരാമർശം (3) പ്രകാരം 2026-ലെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ടിയാളെ കോഴിക്കോട് ജില്ലയിലേക്ക് സ്ഥലംമാറ്റുകയും ചെയ്തു.

എന്നാൽ പ്രസ്തുത സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂബൽ മുമ്പാകെ OA No.1173/2026 ഫയൽ ചെയ്യുകയും, ആയതിന് അനുപാലന ഉത്തരവ് പുറപ്പെുവിക്കുകയും ചെയ്തിട്ടുള്ളതുമാണ്. തുടർന്ന് ടിയാൾ വീണ്ടും OA No.1362/2026 ഫയൽ ചെയ്യുകയും ചെയ്തു. OA No.1362/2026-ൽ ബഹു. ട്രിബ്യൂണൽ ടിയാളിനെ

രണ്ടാഴ്ചത്തേക്ക് നിലവിലെ സ്ഥാനത്ത് തുടരാൻ നിർദ്ദേശിക്കുകയും, തുടർന്ന് പ്രസ്തുത ഇടക്കാല സംരക്ഷണം 10.08.2026-ലെ ഉത്തരവ് പ്രകാരം മൂന്നാഴ്ചത്തേക്കും, 31.08.2026-ലെ ഉത്തരവ് പ്രകാരം ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ.-യുടെ കോഴിക്കോട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റം നിലവിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

അതേസമയം, പരാമർശം (8) പ്രകാരം തിരുവനന്തപുരം ജില്ലയിലെ ട്രീറ്റ്മെന്റ് ഓർഗനൈസർ തസ്തികയിൽ 31.05.2026-ൽ വിരമിക്കൽ മൂലം രണ്ട് ഒഴിവുകൾ ഉണ്ടായതും, പ്രസ്തുത ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് രണ്ട് ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ ലഭിച്ചിട്ടുള്ളതുമാണെന്ന് നിയമനാധികാരിയായ ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം അറിയിച്ചിട്ടുണ്ട്.

നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ട സമയപരിധി 30.09.2026-ന് മൂന്ന് മാസം പൂർത്തിയാകുന്ന സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ ഒഴിവ് ലഭ്യമാക്കേണ്ട അടിയന്തര സാഹചര്യമുള്ളതായും ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ ശ്രീ. രഞ്ജിത് കുമാർ ആർ.ജെ. തിരുവനന്തപുരം ജില്ലയിൽ തുടരുന്നതിനാൽ, ടിയാളുടെ കോഴിക്കോട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റം നടപ്പിലാക്കുന്നതുവരെ തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത നിയമനത്തിനായി ആവശ്യമായ ഒഴിവ് ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. അതേസമയം, കോഴിക്കോട് ജില്ലയിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I തസ്തികയിൽ ഒഴിവ് നിലവിലുണ്ട്.

മേൽ സാഹചര്യങ്ങളിൽ, നിലവിലുള്ള കോടതി നടപടികൾ മൂലം ശ്രീ. രഞ്ജിത് കുമാർ ആർ.ജെ.-യുടെ കോഴിക്കോട് ജില്ലയിലേക്കുള്ള സ്ഥലംമാറ്റം നിലവിൽ നടപ്പാക്കാൻ സാധിക്കാത്തതും, തിരുവനന്തപുരം ജില്ലയിൽ പബ്ളിക് സർവീസ് കമ്മിഷൻ മുഖേന നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് യഥാസമയം നിയമനം നൽകേണ്ട ഭരണപരമായ ആവശ്യകത നിലനിൽക്കുന്നതും, കോഴിക്കോട് ജില്ലയിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I തസ്തികയിൽ ഒഴിവ് നിലവിലുള്ളതും പരിഗണിച്ച്, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും സീനിയറായ ശ്രീമതി ദീപ ടി.എസ്.-നെ കോഴിക്കോട് ജില്ലയിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നത് ഉചിതമാണെന്ന് കാണുന്നു.

ആയതിനാൽ, തിരുവനന്തപുരം ജില്ലയിൽ ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി ദീപ ടി.എസ്.-നെ കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I തസ്തികയിലെ ഒഴിവിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

ശ്രീമതി ദീപ ടി.എസ്.നെ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ നിലവിലെ സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും, ടിയാൾ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ മുമ്പാകെ റിപ്പോർട്ട് ചെയ്ത് ചുമതലയേൽക്കേണ്ടതുമാണ്.

പരാമർശ (3) പ്രകാരമുള്ള ഉത്തരവ്, മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

DR SHINU K S
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്:-

1. ശ്രീമതി ദീപ ടി.എസ്., ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് I,
DTBC, തിരുവനന്തപുരം. (സ്ഥാപന മേധാവി മുഖേന)

Digitally signed by
Shinu K S
Date: 30-09-2026
15:25:56

2. ശ്രീ. രഞ്ജിത് കുമാർ ആർ.ജെ., ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് **I,STBC, TVM** (സ്ഥാപന മേധാവി മുഖേന)

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനൽ, കേരളം, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം, കോഴിക്കോട്.
3. ബന്ധപ്പെട്ട സ്ഥാപന മേധാവി (ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന)
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്